## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

<u>തൊഴിലുറപ്പുപദ്ധതിയിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനുള്ള സംവിധാനം</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3508

10.04.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | തൊഴിലുറപ്പുപദ്ധതിയിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ; | (എ) | തൊഴിലുറപ്പ് പദ്ധതിയിൽ സുതാര്യത ഉറപ്പാക്കി അഴിമതി തടയുന്നതിന് താഴെപറയുന്ന ഘടകങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ ഇതിനകം നൽകിയിട്ടുണ്ട്.<br>i. ശക്തമായ പ്രചരണം<br>ii. വിവരാവകാശ നിയമം<br>iii. പൗരാവകാശ രേഖ<br>iv. മലയാളത്തിൽ എസ്റ്റിമേറ്റും പ്രവൃത്തി വിവരങ്ങളും<br>v. തൊഴിൽ സ്ഥലത്ത് ബോർഡ്<br>vi. എല്ലാ രേഖകളുടെയും ജനകീയ പരിശോധന<br>vii. വരവ്-ചെലവ് കണക്ക് പൊതുസ്ഥലത്ത് പ്രദർശിപ്പിക്കൽ<br>viii. ഗ്രാമപഞ്ചായത്ത് വാർഡ്തല ജാഗ്രതാ മേൽനോട്ട സമിതികൾ<br>ix. സാമൂഹ്യ ഓഡിറ്റ്<br>ഇതു കൂടാതെ, എല്ലാ ജില്ലകളിലും തൊഴിലുറപ്പ് പദ്ധതിയ്ക്കു വേണ്ടിയുള്ള ഓംബുഡ്സ്മാനെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സാമൂഹ്യ ഓഡിറ്റ് കൂടുതൽ ഫലപ്രദമാകുന്നതിലേക്കായി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി പ്രവൃത്തികൾ പരിശോധിക്കുന്നതിനും ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും ക്വാളിറ്റി മോണിറ്റർമാരെ നിയോഗിക്കുന്നതിനുള്ള നടപടി കൾ സ്വീകരിച്ചു വരുന്നു.<br>പരാതികൾ സ്വീകരിക്കുന്നതിനും സംശയദൂരികരണ ത്തിനുമായി ജില്ലാ/ സംസ്ഥാന തലത്തിൽ ഓഫീസുകളിൽ ടോൾഫ്രീ ടെലഫോൺ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | ക്രമക്കേടുകൾ കണ്ടെത്തുന്നതിനായി മോഡൽ സോഷ്യൽ ഓഡിറ്റ് സമ്പ്രദായം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ക്രമക്കേടുകൾ തടയുന്നതിന് വേണ്ടി മാതൃക സോഷ്യൽ ഓഡിറ്റ് നടപ്പാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുതസംവിധാനത്തിന്റെ പ്രവർത്തനരീതി വിശദമാക്കമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു |
| (ഡി) | എവിടെയൊക്കെയാണ് പ്രസ്തുതസമ്പ്രദായം നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ